പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1561 01-07-2026-ൽ മറുപടിയ്ക്ക്

**മെഡിക്കൽ കോളേജിലെ ഉദ്യോഗസ്ഥർക്ക് ചേതന എന്ന സ്ഥാപനവുമായുള്ള ബന്ധം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** അമ്പലപ്പുഴയിൽ മെഡിക്കൽ കോളേജിനു സമീപം സ്ഥാപിച്ചിട്ടുള്ള ചേതനയെന്ന സ്ഥാപനത്തിന് മെഡിക്കൽ കോളേജിലെ ചില ഉദ്യോഗസ്ഥരുമായി തെറ്റായ ബന്ധങ്ങൾ ഉണ്ടെന്നുള്ള ആരോപണങ്ങൾ,സ്ഥാപനത്തിൻെറ വാഹനങ്ങളുടെ ഉപയോഗത്തിലെ ക്രമക്കേടുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതേപ്പറ്റി സത്യസന്ധവും സത്വരവുമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

**മറുപടി:** ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സെൻട്രൽ ലാബിൽ ലഭ്യമല്ലാത്ത ലാബ് പരിശോധനകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തുന്നതിനായി 2017 -ൽ ചേതന ജനകീയലാബ്, വണ്ടാനത്തിനെ എംപാനൽ ചെയ്ത് ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത എമ്പാനൽമെന്റ് ഉത്തരവ് പ്രകാരമുള്ള പരിശോധനകൾക്ക് പുറമെ അധികമായി പരിശോധനകൾ ചേതന ലാബ് വഴി നടത്തിവരുന്നതായി കണ്ടെത്തിയതിനെ തുടർന്ന് ആലപ്പുഴ വിജിലൻസ് & ആന്റി കറപ്ഷൻ വിഭാഗം മുഖേന അന്വേഷണം നിലവിൽ നടന്നുവരുന്നുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** ചേതന എന്ന സ്ഥാപനത്തിൽ കൃത്യമായി ഓഡിറ്റ് നടക്കാത്തതിനാലും വരവ് ചെലവ് കണക്കുകളിൽ പൊതുജനങ്ങൾക്ക് സംശയമുള്ളതിനാലും കണക്ക് പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

**മറുപടി:** ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സെൻട്രൽ ലാബിൽ ലഭ്യമല്ലാത്ത ലാബ് പരിശോധനകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തുന്നതിനായി 2017 -ൽ ചേതന ജനകീയലാബ്, വണ്ടാനത്തിനെ എംപാനൽ ചെയ്ത് ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത എമ്പാനൽമെന്റ് ഉത്തരവ് പ്രകാരമുള്ള പരിശോധനകൾക്ക് പുറമെ അധികമായി പരിശോധനകൾ ചേതന ലാബ് വഴി നടത്തിവരുന്നതായി കണ്ടെത്തിയതിനെ തുടർന്ന് ആലപ്പുഴ വിജിലൻസ് & ആന്റി കറപ്ഷൻ വിഭാഗം മുഖേന അന്വേഷണം നിലവിൽ നടന്നുവരുന്നുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**